2014-ലെ ഗവർണറുടെ നയപ്രഖ്യാപനം

161 (†2399) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ലെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാൻ എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ഇതിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; ഇതിൽ ഓരോ പദ്ധതിയും നീക്കിവച്ച തുകയെത്ര; ചെലവഴിച്ച തുകയെത്ര ;

(സി) ഉപേക്ഷിച്ച പദ്ധതികൾ ഏതെല്ലാം?

ഉത്തരം

(എ&ബി) വിവിധ വകുപ്പുതലവന്മാരിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം 2014-ലെ ഗവർണറുടെ പ്രഖ്യാപനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ നീക്കിവച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഈ പദ്ധതികളിൽ മിക്കവയും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നടപ്പു സാമ്പത്തിക വർഷാവസാനത്തിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

(സി) വിവിധ വകുപ്പുതലവന്മാരിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം പദ്ധതികളൊന്നുംതന്നെ ഉപേക്ഷിച്ചതായി കാണുന്നില്ല.

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

162 (2400) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മന്ത്രിസഭായോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഏതെല്ലാം നിലയിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) വെള്ളക്കരം, മദ്യനികുതി, ബിയർ-വൈൻ നികുതി, സിഗരറ്റ് നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി, സർക്കാർ സേവനങ്ങൾക്കുള്ള ഫീസുകൾ തുടങ്ങി ഏതെല്ലാം നികുതികളും ഫീസുകളും എത്ര ശതമാനം വീതം വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(സി) മേൽപ്പറഞ്ഞ ഓരോ ഇനത്തിലും വർദ്ധനയിലൂടെ പ്രതിവർഷം അധികമായി ലഭിക്കുന്ന തുകകൾ വിശദമാക്കാമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly